"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07-02-2022 ലെ 21/1, 21-02-2022 ലെ 22/1 എന്നീ തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ തീർപ്പിന് അനുസൃതമായി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1917/2022/LSGD തിരുവനന്തപുരം, തീയതി : 08-08-2022

---

പരാമർശം:-
1. 05/05/2022 ലെ സ.ഉ. (സാധാ) നം. 1120/2022/തസ്വഭവ.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ അപ്പീൽ നമ്പർ 222/22, റഫറൻസ് നമ്പർ 07/222 എന്നിവയിന്മേലുള്ള 06/07/2022 ലെ പൊതു ഉത്തരവ്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിലെ അരപ്പാറ പ്രദേശത്ത് 12/219 നമ്പർ കെട്ടിടത്തിൽ മെറ്റൽ പൊടിച്ച് എം-സാന്റ് നിർമ്മിക്കുന്ന യൂണിറ്റിന് മോട്ടോർ സ്ഥാപിക്കുന്നതിനായി ശ്രീ. ദിനേശ്, ശ്രീ. നാസർ ടി. എന്നിവർ സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07-02-2022 ലെ 21/1, 21-02-2022 ലെ 22/1 എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും സെക്ഷൻ 191 (2) (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കാരാക്കുറുശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾക്കെതിരെ ശ്രീ. ദിനേശ്, ശ്രീ. നാസർ ടി. എന്നിവർ 222/22 നമ്പരായി ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്തിരുന്നു. ടിയാളുകളുടെ അപ്പീലുകളും കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച സ്റ്റേറ്റ്മെന്റും വിശദമായി പരിശോധിച്ച ട്രിബ്യൂണൽ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ എം-സാന്റ് നിർമ്മാണ യൂണിറ്റിനായി സമർപ്പിച്ച അപേക്ഷ നിരസിക്കാൻ ഭരണസമിതിക്ക് അധികാരമില്ലായെന്ന് വിലയിരുത്തി. അനുമതി നൽകാതിരിക്കുവാൻ ഭരണസമിതിയെ സ്വാധീനിച്ച കാരണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ലായെന്നും ട്രൈബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി.

മേൽ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരാതിക്കാർ സമർപ്പിച്ച അപ്പീൽ പരിഗണിക്കുകയും കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07-02-2022 ലെ 21/1, 21-02-2022 ലെ 22/1 എന്നീ തീരുമാനങ്ങൾ നിയമാനുസൃതമല്ലായെന്നും നിലനിൽക്കുന്നതല്ലായെന്നും കണ്ടെത്തുകയും ആയവ പരാമർശം (2) പ്രകാരം റദ്ദാക്കുകയും ശ്രീ.

ദിനേഷ് കെ., ശ്രീ. നാസർ ടി എന്നിവരുടെ അപേക്ഷ വീണ്ടും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയ്ക്ക് വെച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 (3) പ്രകാരം അടിയന്തരമായി തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ തീർപ്പിന് അനുസൃതമായി കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07-02-2022 ലെ 21/1, 21-02-2022 ലെ 22/1 എന്നീ തീരുമാനങ്ങൾ റദ്ദ് ചെയ്തുകൊണ്ടും ശ്രീ. ദിനേഷ് കെ., ശ്രീ. നാസർ ടി എന്നിവരുടെ അപേക്ഷ വീണ്ടും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയ്ക്ക് വെച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 (3) പ്രകാരം അടിയന്തരമായി തീരുമാനമെടുക്കാൻ കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
**ഡെപ്യൂട്ടിസെക്രട്ടറി**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം.
2. സെക്രട്ടറി, കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
3. പ്രസിഡന്റ്, കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I / ഓഡിറ്റ്II) കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഐ.&പി.ആർ. വെബ് ന്യൂ മീഡിയ, തിരുവനന്തപുരം.
9. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ഫയൽ നമ്പർ : ആർ.സി3/119/2022/തസ്വഭവ)

*ഉത്തരവിൻ പ്രകാരം*

**Signed by Pradeesh M**
**Date: 08-08-2022 10:49:26**

*സെക്ഷൻ ഓഫീസർ*